"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - കോട്ടയം ജില്ലയിലെ ഏഴാച്ചേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന (നിലവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി, തലയാഴം, കോട്ടയം) ശ്രീമതി അഞ്ജന ശശിയ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.77/2025/AYUSH തീയതി, തിരുവനന്തപുരം, 13-02-2025

---

പരാമർശം:- (1) സ.ഉ.(പി)നം.112/2017/ധന. തീയതി 24.08.2017.

(2) ശ്രീമതി അഞ്ജന ശശി 25/04/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 31/12/2024-ലെ DHTVM/2319/2024-EA3 - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ ഏഴാച്ചേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന ശ്രീമതി അഞ്ജന ശശിയ്ക്ക് (നിലവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി, തലയാഴം, കോട്ടയം) 05.04.2024 മുതൽ 30.04.2024 വരെയുള്ള 26 ദിവസങ്ങളിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(2) പ്രകാരം ടിയാൾ സമർ പ്പിച്ച അപേക്ഷ, ടിയാൾ ഡ്യൂട്ടി കഴിഞ്ഞ് മടങ്ങുംവഴിയാണ് അപകടം സംഭവിച്ചതെന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ തുടർനടപടികൾക്കായി പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടേയും രേഖകളുടേയും വെളിച്ചത്തിൽ, കോട്ടയം ജില്ലയിലെ ഏഴാച്ചേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന ശ്രീമതി അഞ്ജന ശശിയ്ക്ക് (നിലവിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി, തലയാഴം, കോട്ടയം)

കെ.എസ്.ആർ. ഭാഗം-I, ചട്ടം 98 പ്രകാരം 05.04.2024 മുതൽ 30.04.2024 വരെയുള്ള 26 ദിവസങ്ങളിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
2. ശ്രീമതി അഞ്ജന ശശി, ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻ സറി, തലയാഴം, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖാന്തിരം).
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
6. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/17/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 13-02-2025 14:37:33

സെക്ഷൻ ഓഫീസർ.